"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ആറ്റിങ്ങൽ നഗരസഭ കൗൺസിലർ ശ്രീമതി. ലൈലാ ബീവി . എസ് ന് കാൽമുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ചികിത്സ നടത്തിയ ഇനത്തിൽ ചികിത്സാ സഹായമായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1141/2024/LSGD തീയതി,തിരുവനന്തപുരം, 26-06-2024

---

പരാമർശം:-
1. ആറ്റിങ്ങൽ നഗരസഭയുടെ 09.01.2023 ലെ കൗൺസിൽ യോഗ തീരുമാനം നമ്പർ-2.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.07.2023, 15.02.2024 തീയതിയിലെ LSGD/PD/46740/2023-EER2 നമ്പർ കത്ത് .

**ഉത്തരവ്**

ആറ്റിങ്ങൽ നഗരസഭ കൗൺസിലർ ശ്രീമതി. ലൈലാ ബീവി . എസ് ന് കാൽമുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് തോട്ടക്കാട് KTCT ആശുപത്രിയിൽ (06.02.2023 മുതൽ 11.02.2023 വരെയുള്ള കാലയളവിൽ) ചികിത്സ നടത്തിയതിൽ ചെലവായ 1,95,887/- രൂപ ടിയാന് നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം നഗരസഭ തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അപേക്ഷിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീമതി. ലൈലാ ബീവി .എസ് ന് കാൽമുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് തോട്ടക്കാട് KTCT ആശുപത്രിയിൽ ചികിത്സ നടത്തിയ ഇനത്തിൽ ചികിത്സാ സഹായമായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ) , ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ആറ്റിങ്ങൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ടി തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

ചെയർപേഴ്സൺ/സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/150/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
സെക്ഷൻ ഓഫീസർ
Date: 27-06-2024 09:56:25

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.